അന്തർ സംസ്ഥാന നദീജല കരാറുകൾ പ്രകാരം മറ്റു സംസ്ഥാനങ്ങൾ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി

105 [5870] ശ്രീ. എം. എ. ചന്ദ്രശേഖരൻ:
,, ഡി. സുഗതൻ:
,, സി. പി. മുഹമ്മദ്:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളം അയൽ സംസ്ഥാനങ്ങളുമായി ഉണ്ടാക്കിയിട്ടുള്ള അന്തർ സംസ്ഥാന നദീജല കരാറനുസരിച്ചോ മറ്റു വിധത്തിലുള്ള നദീജല കരാറനുസരിച്ചോ ഓരോ നദിയിൽനിന്നും കരാർ കക്ഷിയായ അയൽ സംസ്ഥാനം എടുക്കുന്ന വെള്ളത്തിൽ നിന്ന് എവിടെയെല്ലാംവച്ച് എത്ര കിലോവാട്ട് വീതം വിദ്യുച്ഛക്തി ഉണ്ടാക്കാൻ അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഏതനുസരിച്ച് കരാർ കക്ഷിയായുള്ള മറ്റേ സംസ്ഥാനം വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നുണ്ടോ;

(സി) എങ്കിൽ ഏതെല്ലാം സ്ഥലത്തുവച്ച് എത്ര കിലോ വാട്ട് വീതം ഉൽപ്പാദിപ്പിക്കുന്നു എന്നു വ്യക്തമാക്കുമോ;

(ഡി) ഇതിൽ കരാർ ലംഘനമുണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഇ) എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പറമ്പിക്കുളം-അളിയാർ പദ്ധതിയിലാകെ ഉൽപ്പാദിപ്പിക്കുന്ന 639 മെഗാവാട്ട് വൈദ്യുതിയിൽ 54 മെഗാവാട്ട് കേരളമാണ് ഉൽപ്പാദിപ്പിക്കുന്നത്. ഷോളയാറിൽ 95 മെഗാവാട്ടും അളിയാറിൽ 60 മെഗാവാട്ടും സർക്കാർ പതിയിൽ 30 മെഗാവാട്ടും കാടംപാറയിൽ 400 മെഗാവാട്ടും വൈദ്യുതിയാണ് ഉൽപ്പാദിപ്പിക്കുന്നത്. ഇതിൽ കാടംപാറയിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നത് കരാർ പ്രകാരമല്ല. പെരിയാർ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിന്റെ സ്ഥാപിത ശേഷി 140 മെഗാവാട്ട് ആണ്. ഇത് മുല്ലപ്പെരിയാറിലെ ജലമുപയോഗിച്ചാണ് ഉൽപ്പാദിപ്പിക്കുന്നത്. കരാറുകളിൽ എത്ര വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കാമെന്ന് രേഖപ്പെടുത്തിയിട്ടില്ല.

(ബി) ഉണ്ട്.

(സി) ഷോളയാറിൽ 95 മെഗാവാട്ടും അലിയാറിൽ 60 മെഗാവാട്ടും, സർക്കാർ പതിയിൽ 30 മെഗാവാട്ടും, കാടംപാറയിൽ 400 മെഗാവാട്ടും വൈദ്യുതിയാണ് തമിഴ്നാട് ഉൽപ്പാദിപ്പിക്കുന്നത്. കൂടാതെ മുല്ലപ്പെരിയാറിലെ ജലമുപയോഗിച്ചും തമിഴ്നാട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നുണ്ട്.

(ഡി) കാടംപാറ ജലവൈദ്യുതി പദ്ധതി അലിയാർ, തിരുമൂർത്തി ഡാമുകളുടെ താഴ്ഭാഗത്ത് നിർമ്മിച്ചിട്ടുള്ള മിനി ഹൈഡൽ എന്നിവയിൽ തമിഴ്നാട് കരാർ ലംഘിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ കരാർ ലംഘനങ്ങൾ 1994-ൽ തന്നെ കേരള മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. എന്നാൽ കരാർ ലംഘനം നടത്തിയിട്ടില്ല എന്ന നിലപാടാണ് തമിഴ്നാട് സ്വീകരിച്ചത്. കരാർ പുനരവലോകന ചർച്ചയിൽ ഈ കരാർ ലംഘനങ്ങളെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്.

കാവേരി നദീജല അതോറിറ്റിയിലെ പ്രാതിനിധ്യം

106 [5871] ശ്രീ. എൻ. ഡി. അപ്പച്ചൻ:
,, ഡി. സുഗതൻ:
,, എ. സുജനപാൽ:
ശ്രീമതി രാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാവേരി നദീജല അതോറിറ്റിയിൽ ഏതെല്ലാം സംസ്ഥാനങ്ങൾക്കാണ് പ്രാതിനിധ്യമുള്ളത്;

(ബി) ഈ അതോറിറ്റിയിൽ കേരളത്തിന്റെ പ്രതിനിധിയാരാണ്;

(സി) ഇക്കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ ഈ അതോറിറ്റി എത്ര പ്രാവശ്യം യോഗം കൂടിയിട്ടുണ്ട്;

(ഡി) ഏന്തൊക്കെ തീരുമാനമെടുത്തു;

(ഇ) സംസ്ഥാനത്തിന് കാവേരി നദിയിൽ നിന്നും അർഹമായ വെള്ളം എത്രയാണ്;

(എഫ്) ഇത് ലഭിക്കുന്നതിന് എന്തെല്ലാം നടപടികളെടുത്തുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളം, കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങൾക്കും യൂണിയൻ പ്രദേശമായ പോണ്ടിച്ചേരിക്കും കാവേരി നദീജല അതോറിറ്റിയിൽ പ്രാതിനിധ്യമുണ്ട്.

(ബി) മുഖ്യമന്ത്രി.

(സി) കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ കാവേരി നദീജല അതോറിറ്റി നാലു പ്രാവശ്യം യോഗം കൂടിയിട്ടുണ്ട്.

(ഡി) 25-6-1991-ലെ കാവേരി നദീജല തർക്ക ട്രൈബ്യൂണലിന്റെ ഇടക്കാല ഉത്തരവുകളും ആദ്യത്തെ ഉത്തരവുകളും നടപ്പിൽ വരുത്തുവാൻ വേണ്ടിയാണ് കാവേരി റിവർ അതോറിറ്റി രൂപീകരിച്ചത്. പ്രസ്തുത ഉത്തരവിൻപ്രകാരം തമിഴ്നാടിന്റെ ഉപയോഗത്തിനുവേണ്ടി പ്രതിവർഷം 205 റ്റി. എം. സി. ജലം തമിഴ്നാടിന്റെ മേട്ടൂർ അണക്കെട്ടിലേക്ക് നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽനിന്ന് 6 ടി. എം. സി. ജലം പോണ്ടിച്ചേരിക്കും നൽകണമെന്ന വ്യവസ്ഥയുണ്ട്. പ്രസ്തുത ഉത്തരവ് നടപ്പിലാക്കുവാൻ വേണ്ട തീരുമാനങ്ങളാണ് എടുത്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly